പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *33

29.05.2019 - ലെ മറുപടിക്ക്

## സേവനങ്ങൾക്കുള്ള ഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. അബ്ദു റബ്ബ്**<br>**ഡോ. എം. കെ. മുനീർ**<br>**ശ്രീ. സി. മമ്മൂട്ടി**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **ഡോ.ടി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | സർക്കാർ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും ഫീസുകളും അഞ്ചു ശതമാനം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | 2019-20-ലെ ബജറ്റ് പ്രസംഗത്തിന്റെ 298-ാം ഇനമായി വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ചാർജ്ജുകളും, ഫീസുകളും അഞ്ച് ശതമാനം ഉയർത്തുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. 08.03.2019 ലെ സ.ഉ (പി) 28/2019/ധന പ്രകാരം 01/04/2019 മുതൽ പ്രാബല്യം നൽകി എല്ലാ സേവന നിരക്കുകളിലും 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ വിവിധ വകുപ്പുമേധാവികളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | 08.03.2019-ലെ സ.ഉ (പി) 28/2019/ധന പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖലാ / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കിയുള്ള പ്രത്യേക ഉത്തരവ് / നടപടിക്രമം പുറപ്പെടുവിക്കേണ്ടതും ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | ഈ നടപടിയിലൂടെ എത്ര തുക അധിക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | മുൻ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**